അടി കിട്ടുന്ന സ്ഥിതിവിശേഷമുണ്ടായി എന്നുവരാം. ആലുവായിലുള്ള ജനങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന കേട്ടു ചിരിക്കുന്നുണ്ടായിരിക്കാം. ബഹുമാനപ്പെട്ട മുഹമ്മദാലി എങ്ങനെ അങ്ങോട്ടു മടങ്ങിപോകുമെന്നു പറയാൻ സാധിക്കുകയില്ല. മുഖ്യമന്ത്രി ഫ്ലൈറാവോയെപ്പറ്റി പറഞ്ഞു. ഇത്തരത്തിലുള്ള സമീപനമാണെങ്കിൽ ഫ്ലൈറാവോയുണ്ടാകും. ഫ്ലൈറാവോയെ നീതികരിക്കാത്ത ആളുകളും ഫ്ലൈറാവോയെ നീതീകരിക്കും. ഈ ഫ്ലൈറാവോയെ നേരിടേണ്ടതായി വരും. ഫ്ലൈറാവോ ശക്തമാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇതിനെ എതിർത്തുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപോയി.)

III. ശ്രദ്ധ ക്ഷണിക്കൽ

(1) ആർ. എൽ. ഇ. ജി. പി. പോലെയുള്ള പദ്ധതിയുടെ ആനുകൂല്യം കോർപ്പറേഷൻ—മുൻസിപ്പൽ പ്രദേശങ്ങളിലെ പാവപ്പെട്ടവർക്കും നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. കാർത്തികേയൻ : സർ, ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ജനവിഭാഗങ്ങളോട് ഒരു വിവേചന സ്വഭാവത്തോടുകൂടിയ സമീപനം നമ്മുടെ സർക്കാരുകൾ കൈക്കൊള്ളുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഇരുപതിന സാമ്പത്തിക പരിപാടിയനുസരിച്ചുള്ള ധനസഹായങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും, മറ്റു പദ്ധതികളിൽ നിന്നുമാണ് നമ്മുടെ സംസ്ഥാനങ്ങൾക്ക് നൽകി വരുന്നത്. കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന പണമാണെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളാണെങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ തിരിക്കണമെന്നാണ് സഭയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇരുപതിന സാമ്പത്തിക പരിപാടിയനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക്, സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സഹായങ്ങൾ അനുവദിക്കുന്നതിനുവേണ്ടി, അവർക്ക് ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി അവർക്ക് വീട് വച്ചുകൊടുക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. കൽക്കത്ത, ബോംബേ, ഡൽഹി, മദിരാശി പോലെയുള്ള മെട്രോപ്പോലിറ്റൻ സിറ്റികൾ കേരളത്തിലില്ല. കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം തുടങ്ങിയ നഗര സമൂഹങ്ങളുള്ളത്. ആ നഗരങ്ങളോട് ചേർന്നു നഗരപ്രാന്തങ്ങൾ തടഞ്ഞിക്കിടക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്ത് അതിർത്തികൾക്കിടയിലാണ്. തിരുവനന്തപുരം നഗരത്തിൽ 50 കോർപ്പറേഷൻ വാർഡുകളുണ്ട്. ഈ 50 കോർപ്പറേഷൻ വാർഡുകൾക്കപ്പുറം നിൽക്കുന്ന നഗരത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തുകളാണ്. ഈ പഞ്ചായത്തുകളിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾ, സാമ്പത്തികമായി ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് കേന്ദ്ര ഗവൺമെൻറിൻെറ ഇരുപതിന പരിപാടിയനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നു. ഈ നഗരങ്ങൾക്കകത്തു കിടക്കുന്നു എന്ന കാരണംകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ പിന്നോക്ക ജനവിഭാഗങ്ങളിൽ വളരെയേറെ ദുരിതം അനുഭവിക്കുന്നു എന്ന കാരണംകൊണ്ട് അവർക്കുകൂടി സഹായധനം ലഭിക്കുവാൻ ഗവൺമെൻറ് അടിയന്തിരമായി നടപടികളെടുക്കണം. കേരളത്തിൽ 43 മുനിസിപ്പാലിറ്റികളുണ്ട്. അതിൽ ഫസ്റ്റ് ഗ്രേഡ് 8, സെക്കൻറ് ഗ്രേഡ് 10, തേർഡ് ഗ്രേഡ് 25. 1981-ലെ കണക്കനുസരിച്ച് 3 നഗരസഭകളിലെല്ലാംകൂടി 36 ലക്ഷം ആളുകളുണ്ട്. തിരുവനന്തപുരം നഗരത്തിൽമാത്രം അഞ്ച് ലക്ഷം ആളുകളുണ്ട്. അതിൽ മിഡിൽ ക്ലാസ്സും അതിനു മുകളിലുമുള്ള ആളുകൾ വളരെ കുറവാണ്. നമ്മൾ എപ്പോഴും പാവങ്ങൾ എന്നുപറയുമ്പോൾ കേരളത്തിലെ ഗ്രാമങ്ങളിലെ ജനങ്ങളെ മാത്രമേ പറയാറുള്ളൂ. ഗ്രാമങ്ങളിലെ ജനങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. നഗരത്തിനകത്ത് സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ ഇവിടെ ചേരികളിൽ ജീവിക്കുന്നു. നഗരങ്ങളിലെ ചേരികളിൽ ജീവിക്കുന്നതുപോലെ ദുസ്സഹമായ ജീവിതം അനുഭവിക്കുന്ന ഒരു ജനവിഭാഗം മറെറാരു സ്ഥലത്തും കാണുകയില്ല. ആദിവാസികളടങ്ങിയ മലകളുടെ മുകളിലും ഇടുക്കിയിലും താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് സഹായമെത്തിക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇവിടെ നഗരത്തിനകത്ത് നരക ജീവിതമനുഭവിക്കുന്ന ഈ ജനവിഭാഗത്തെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെൻറിൻെറ സഹായമെത്തുന്നില്ല. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അവരുടെ പരിമിതമായ സാമ്പത്തികമായ ബുദ്ധിമുട്ടുകൾക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ അവിടെ വികസന പ്രവർത്തനങ്ങൾ എത്തിക്കുന്നുള്ളൂ. അതേ സമയം 20 ഇന സാമ്പത്തിക സഹായ പരിപാടിയിൽ വരുന്ന കോടികണക്കിന് രൂപകൊണ്ട് നഗരത്തിൽ ജീവിക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിന് നമുക്ക് കഴിയുന്നില്ല. മറ് സംസ്ഥാനങ്ങളിൽ സ്ലം ക്ലിയറൻസ് ബോർഡുകളുണ്ട്. ഇവിടെ ഒരു ബോർഡ് വന്നാൽ അതിൻെറ പ്രശ്നം തീരുമെന്നല്ല ഞാൻ പറഞ്ഞത്. കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ ഇൻഡ്യയുടെ പ്രധാനമന്ത്രി ഈ നഗരങ്ങളിലേക്കുകൂടി പുതിയ സ്കീമെല്ലാം ആവിഷ്ക്കരിക്കുമെന്ന് പറഞ്ഞുവെങ്കിലും അത് എന്തായി എന്നറിയില്ല. എന്തെങ്കിലും വിവരം കേരള ഗവൺമെൻറിനുണ്ടോ എന്നറിയില്ല. 20 ഇന സാമ്പത്തിക പരിപാടിയനുസരിച്ച് കേന്ദ്രത്തിൽ നിന്നും ഈ സംസ്ഥാനത്തിന് പ്രത്യേക നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ലെങ്കിലും നഗരങ്ങളിൽ പ്രധാനപ്പെട്ട റോഡുകളുടെ അരികിലും റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റോപ്പുകൾക്കകത്തും നിന്നു തിരിയാൻ സ്ഥലമില്ലാത്ത ചേരികൾക്കുള്ളിലും ജീവിക്കുന്ന പാവപ്പെട്ട എല്ലാ ജനവിഭാഗങ്ങളേയും സഹായിക്കുന്നതിനുവേണ്ടി ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിന് ഗവൺമെൻറിൻെറ സാമ്പത്തിക സഹായ പദ്ധതികൾ അവർക്കു കൂടി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച 20 ഇന സാമ്പത്തിക പരിപാടിയിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിലില്ലായ്മ പരിഹരിക്കാനുതിനുമാണ് ഏറ്റവും കൂടുതൽ മുൻതൂക്കം കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയില്ലാത്ത നാട്ടിൻപുറത്തുള്ള ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും ഒരു കുടുംബത്തിൽ 100 ദിവസമെങ്കിലും ഒരാൾക്ക് തൊഴിൽ കിട്ടാനും വേണ്ടിയിട്ടാണ് ആർ.എൽ.ഇ.ജി.പി. എന്ന പദ്ധതി ആവിഷ്ക്കരിച്ചത്. പാവപ്പെട്ട ജനങ്ങളുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാനും സ്ഥായിയായ സാമൂഹ്യ സ്വാതന്ത്ര്യം ഗ്രാമപ്രദേശങ്ങളിലുണ്ടാക്കിക്കൊടുക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പൊതുവായിട്ടുള്ള ഗ്രാമജീവിതം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിപാടികൾ ആണ് ഇവയിലൂടെ ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. എൻ. ആർ. ഇ. പി. ആണെങ്കിൽ നാട്ടിൻപുറങ്ങളിലെ തൊഴിൽരഹിതരും ഭാഗികമായിമാത്രം തൊഴിലുള്ളവരുമായ ജനവിഭാഗത്തിന് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും പാവപ്പെട്ട ജനങ്ങളുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ സഹായിച്ചുകൊണ്ട് പുതിയ സ്വത്തുക്കൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാക്കികൊടുക്കുവാനും വേണ്ടിയിട്ടാണ്. തൊഴിൽദാനപദ്ധതികൾ നമ്മുടെ രാജ്യത്തിന് വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഐ.ആർ.ഡി.പി. ആണെങ്കിൽ ദരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങളെ ദാരിദ്ര്യത്തിൽനിന്ന് കരകയറ്റാനുള്ള ഏറ്റവും വലിയ സമൂഹ ഭദ്രതാപരിപാടിയാണ്. തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് $\frac{2}{3}$ വായ്പയായും. $\frac{1}{3}$ സബ്സിഡിയായുമാണ് ഈ സഹായം എത്തിച്ചുകൊടുക്കുന്നത്. വരുമാനം വർദ്ധിപ്പിക്കാനും സ്വയം തൊഴിൽ കണ്ടെത്താനുമുള്ള മാർഗ്ഗങ്ങളിലൂടെ ഓരോ കുടുംബത്തേയും സ്വന്തം കാലിൽ നിൽക്കാൻ അവരെ പ്രാപ്തരാക്കുകയെന്നുള്ളതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടിയിൽ ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങൾക്കും, ഗ്രാമപ്രദേശങ്ങൾക്കും വേണ്ടിയിട്ടാണ് കേന്ദ്ര ഗവൺമെൻറ് പ്രത്യേകമായി ആവിഷ്ക്കരിച്ച് സംസ്ഥാന ഗവൺമെൻറിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്നത്. ഇതിൽ ആർ. എൽ. ഇ. ജി. പി. ആണെങ്കിൽ 100% കേന്ദ്രഗവൺമെൻറിന്റെ സഹായമാണ് ലഭ്യമാകുന്നത്. എൻ.ആർ.ഇ.പി. ക്കും ഐ. ആർ. ഡി. പി. ക്കും 50% കേന്ദ്രവും 50% സംസ്ഥാന ഗവൺമെൻറുമാണ് തുക ചെലവഴിക്കുന്നത്. കേന്ദ്ര ഗവൺമെൻറിന്റെ പ്രത്യേകമായ നിർദ്ദേശം ഇത് ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്ന അവശതയനുഭവിക്കുന്ന ജനങ്ങളുടെ സാമ്പത്തിക നില കൂടുതൽ മെച്ചപ്പെടുത്താനും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനും ഉപയോഗിക്കണമെന്നുള്ളതുമാണ്. അതുകൊണ്ട് ഇത് ഇപ്പോൾ മുനിസിപ്പാലിറ്റികളിലേക്കും കോർപ്പറേഷനുകളിലേക്കും വ്യാപിപ്പിക്കണമെന്നുള്ളത് ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. പക്ഷെ ഇത് കഴിഞ്ഞ ഗ്രാമവികസന വകുപ്പു മന്ത്രിമാരുടെ യോഗത്തിൽ കേരളത്തിന്റെ പ്രത്യേകമായ സാഹചര്യം എടുത്ത് ചൂണ്ടികാണിച്ചുകൊണ്ട്, മറ്റു പ്രദേശങ്ങളിലെപ്പോലുള്ള പട്ടണ പ്രദേശങ്ങളല്ല ഇവിടെയുള്ളത്. ഇവിടെയും ദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളുടെ സമൂലമായ ഉദ്ധാരണത്തിനു വിധേയമാക്കേണ്ട ചെറിയ ചെറിയ ടൗൺഷിപ്പുകളാണ് കേരളത്തിലുള്ളതെന്നും, ഈ പദ്ധതികളല്ലെങ്കിൽ ഇതുപോലെ സമാനമായ പദ്ധതികളും നമ്മുടെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽകൂടി ആവിഷ്കരിക്കണമെന്നുമുള്ള കേരള ജനതയുടെ വികാരം കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിട്ടുണ്ട്. ചോരി നിർമ്മാർജ്ജനം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചപോലെ ഏറ്റവും മുഖ്യമായ ഒരിനമാണ്. ഇതനുസരിച്ചുള്ള പ്രവർത്തന പരിപാടികൾ പട്ടണപ്രദേശങ്ങളിൽ ഇന്ന് നടന്നു വരുന്നുണ്ട്. അതുപോലെ തന്നെ നമ്മുടെ പ്രധാനമന്ത്രി രാജീവ്ഗാന്ധി ഗ്രാമങ്ങളിലും നഗരപ്രദേശങ്ങളിലുമുള്ള തൊഴിൽരഹിതരായ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ബാങ്കുകളുടെ സഹായത്തോടുകൂടിയുള്ള സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അത് കൂടുതൽ വ്യാപകമാക്കാനും കേന്ദ്ര ഗവൺമെൻറ് ഉദ്ദേശിക്കുന്നുയെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഏതായാലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി. പോലെയും ആർ. എൽ. ഇ. ജി. പി. പോലെയുമുള്ള സമാനമായ പദ്ധതികളും നടപ്പിലാക്കുന്ന കാര്യം കേന്ദ്രഗവൺമെൻറിൻെറ ആലോചനയിൽ ഉണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷെ ഇതു സംബന്ധിച്ച് ഒരു രേഖയും ഇതുവരെ സംസ്ഥാന ഗവൺമെൻറിന് ലഭിച്ചിട്ടില്ലെന്നുള്ളതാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ശ്രീ ജി. കാർത്തികേയൻ : കേരളത്തിലെ പ്രത്യേക സാഹചര്യമെന്നു പറയുന്നത്, ഇവിടെ മെട്രോപൊളിറ്റൻ സിറ്റികളില്ലാത്തതുകൊണ്ട് അത് കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെൻറ് ഈ നഗര പ്രദേശങ്ങളിൽ 20 ഇന പരിപാടിയുടെ ആനുകൂല്യങ്ങൾ എത്തിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ലെങ്കിൽ കേരള ഗവൺമെൻറ് അതിനേറെതായ എന്തെങ്കിലും പദ്ധതി ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി കേന്ദ്രഗവൺമെൻറിൻെറ മുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : കഴിഞ്ഞ ഗ്രാമവികസന മന്ത്രിമാരുടെ യോഗത്തിൽ ഞാൻ ഇക്കാര്യം കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ പ്രദേശങ്ങളിൽ, ഇപ്പോഴത്തെ ചിറ്റൂർ മുനിസിപ്പൽ അധികാരികൾ അവരുടെ ഫണ്ട് ഉപയോഗിച്ചു തന്നെ ഐ. ആർ. ഡി. പി. പോലുള്ള സമാന്തര പദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നു. ഇതിനെപ്പറ്റി തീർച്ചയായും ഗവൺമെൻറ് ആലോചിക്കുന്നതാണ്.

2. വേട്ടുവൻ, കണക്കൻ, പടന്നൻ, തണ്ടാൻ, പരവൻ, ഭരതർ എന്നീ സമുദായങ്ങളെ പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും നീക്കംചെയ്യാനുള്ള ശുപാർശയുടെ ദോഷഫലങ്ങൾ

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, കേന്ദ്രഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ 103 സമുദായങ്ങളും അടങ്ങുന്ന പട്ടിക ജാതി പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും വേട്ടുവൻ, പടന്നൻ, കണക്കൻ, പരവൻ തിരുകൊച്ചിയിലെ തണ്ടാൻ, ഭരതർ എന്നീ സമുദായങ്ങളെ നീക്കം ചെയ്യാൻ നരവംശ ശാസ്ത്രഗവേഷണ കേന്ദ്രത്തിലെ കിർത്താഡ്സ് ഡയറക്ടറായ പി. ആർ. ജി. മാത്തൂർ ഗവൺമെൻറിന് ശുപാർശ ചെയ്യുകയും ആ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൻെറ പരിഗണനയിൽ ഇക്കാര്യമിരിക്കുകയാണെന്നും ഞാൻ മനസ്സിലാക്കുന്നു. ഈ ശുപാർശ ചെയ്യപ്പെട്ട സമുദായങ്ങൾ 5 ലക്ഷത്തോളം വരുന്ന അംഗങ്ങളാണുള്ളത്. ഇവരെ നീക്കം ചെയ്താൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉദ്യോഗത്തിനുള്ള സംവരണം പഞ്ചായത്തു മുതൽ പാർലമെൻറു വരെ തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള സംവരണാവകാശം തുടങ്ങിയ എല്ലാ ആനുകൂല്യവും ഈ സമുദായത്തിന് നഷ്ടപ്പെടുന്നുണ്ട്. ഒരു കാര്യം ചോദിക്കാനുള്ളത്, ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ ധിക്കാരപരമായി നടപടി സ്വീകരിച്ചതാണോ, അല്ല കേന്ദ്ര ഗവൺമെൻറിൻെറയും സംസ്ഥാന ഗവൺമെൻറിൻെറയും ശുപാർശയനുസരിച്ചാണോ, അതല്ല, ഏതെങ്കിലും കമ്മിഷൻെറ ശുപാർശയനുസരിച്ചാണോ "നരവംശ ശാസ്ത്ര ഗവേഷണകേന്ദ്രത്തിലെ" ഡയറക്ടർ ഇങ്ങനെ ഈ സമുദായങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly